പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3210

14. 07. 2015 ൽ മറുപടിക്ക്

വൈദ്യുതിനിരക്ക് വർദ്ധനവും സെക്യൂരിറ്റി ഡെപ്പോസിറ്റും.

ചോദ്യം

ഉത്തരം

ശ്രീ. സി. ദിവാകരൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധനവിനോടൊപ്പം കാലാകാലങ്ങളിൽ സെക്യൂരിറ്റി തുക ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ് ; | (എ) സപ്ലൈ കോഡ് 2014-ന്റെ 73 ലെ വ്യവസ്ഥയനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ, മുൻവർഷത്തെ ശരാശരി മാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിർണ്ണയിക്കുന്നത്. പ്രസ്തുത തുക നിലവിലെ ഡെപ്പോസിറ്റ് തുകയുമായി താരതമ്യം ചെയ്ത് ഏറ്റക്കുറച്ചിൽ പരിഹരിക്കുന്ന രീതിയാണ് വൈദ്യുതി ബോർഡ് അവലംബിച്ചുവരുന്നത്. |
| (ബി) ഒരു ഗാർഹിക ഉപഭോക്താവ് എത്ര തുകയാണ് ഡെപ്പോസിറ്റായി നൽകേണ്ടത് ? | (ബി) ദ്വൈമാസ ബില്ലിംഗ് സമ്പ്രദായത്തിൽ ഒരു ഗാർഹിക ഉപഭോക്താവ് ശരാശരി മാസ ഉപഭോഗത്തിന്റെ തുകയുടെ മൂന്നിരട്ടിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ